## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1409 04.12.2014-ലെ മറുപടിക്ക്

# മരാമത്ത് പ്രവർത്തനങ്ങളിലുള്ള സ്തംഭനാവസ്ഥ ഒഴിവാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ<br>" ബി. സത്യൻ<br>" കെ.വി. അബ്ദുൽ ഖാദർ<br>" ജെയിംസ് മാത്യൂ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ). | പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാകാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ഇതുമൂലം റോഡുകളാകെ കുണ്ടും കുഴിയും നിറഞ്ഞിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ). | പൊതുമരാമത്ത് വകുപ്പ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ ഈ വിഷയം പരിശോധിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡിലെ കേടുപാടുകൾ തീർത്ത് പരിപാലിച്ച വരുന്നു. |
| (ബി). | കരാറുകാരുടെ എത്ര മാസത്തെ ബില്ലുകളാണ് കുടിശ്ശികയായിട്ടുള്ളതെന്നും, ഇത് എത്ര തുക വരുമെന്നും, ടാർ കമ്പനികൾക്കുള്ള കുടിശ്ശിക എത്രയെന്നും വ്യക്തമാക്കുമോ ; | (ബി). | പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 01.04.2014 മുതൽ 30.09.2014 വരെ 1403.53 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 01.01.2014 മുതൽ 30.09.2014 വരെയുള്ള 327 കോടി രൂപയും ദേശീയ പാതാ വിഭാഗത്തിൽ 01.05.2014 മുതലുള്ള 52.43 കോടി രൂപയുമാണ് കുടിശ്ശികയുള്ളത്. ടാർ സപ്ലൈ ചെയ്യുന്ന ഏജൻസിയായ ഭാരത് പെട്രോളിയം കോർപ്പറേഷന് 31.10.2014 വരെ 39.14 കോടി രൂപ നൽകുവാനുണ്ട്. |
| (സി). | കുടിശ്ശിക കാരണം സംസ്ഥാനത്തെ മരാമത്ത് പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയി ലാണോ ; | (സി). | സ്തംഭനാവസ്ഥയില്ല. |

| | | | |
|---|---|---|---|
| (ഡി). | കരാറുകാരുടെ കുടിശ്ശിക തുക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് പറയാമോ ; | (ഡി). | സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് മുൻഗണനാക്രമത്തിൽ കാലവിളംബം കൂടാതെ കുടിശ്ശിക കൊടുത്തു തീർക്കാനാണ് ശ്രമിക്കുന്നത്. |
| (ഇ). | മരാമത്ത് പ്രവർത്തനങ്ങളിലുള്ള സ്തംഭനാവസ്ഥ ഒഴിവാക്കി റോഡുകളുടെയും പാലങ്ങളുടെയും ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ? | (ഇ). | സ്തംഭനാവസ്ഥ നിലവിലില്ല. |

സെക്ഷൻ ഓഫീസർ